**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 325** **03-03-2023 - ൽ മറുപടിയ്ക്ക്**

**ജീവിത ശൈലീ രോഗനിർണ്ണയ പഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ഡോ സുജിത് വിജയൻപിള്ള** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ജനസംഖ്യാധിഷ്ഠിത ജീവിത ശൈലീ രോഗനിർണ്ണയ പഠനം നടത്തിയിട്ടുണ്ടോയെന്നും ഇതിനായി ഗൃഹസന്ദർശനം നടത്തി സർവേ സംഘടിപ്പിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; | (എ) | സംസ്ഥാന സർക്കാർ നവകേരള കർമ്മ പദ്ധതി 2 ന്റെ ഭാഗമായി ആർദ്രം മിഷനിലൂടെ ആവിഷ്കരിച്ച നടപ്പിലാക്കി വരുന്ന ജീവിതി ശൈലീ രോഗ നിയന്ത്രണ പദ്ധതികളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് "അൽപ്പം ശ്രദ്ധ ആരോഗ്യം ഉറപ്പ്" എന്ന ജനസംഖ്യാധിഷ്ഠിത ജീവിത ശൈലീ രോഗ നിർണ്ണയ വാർഷികാരോഗ്യ പദ്ധതി. ഇതിൽ 30 വയസ്സിനു മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളുടേയും ആരോഗ്യ വിവരങ്ങൾ ആശ പ്രവർത്തകർ മുഖേന ശേഖരിക്കുകയും ജീവിത ശൈലീ രോഗങ്ങൾ ഉണ്ടാകാൻ സാദ്ധ്യതയുള്ള ജനങ്ങളെ വിദഗ്ധ പരിശോധനയ്ക്കായി അടുത്തുള്ള ആരോഗ്യ കേന്ദ്രങ്ങളിലേക്ക് റഫർ ചെയ്യുകയും ചെയ്യുന്നു. ഇതിനായി "ശൈലി" എന്ന പേരിൽ ഒരു ആൻഡ്രോയിഡ് ആപ്ലിക്കേഷൻ ഇ.ഹെൽത്ത് വികസിപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ഇതിലൂടെ ഓരോ പ്രദേശത്തെയും ജനങ്ങളുടെ ജീവിത ശൈലീ രോഗങ്ങളുടെയും അവയിലേക്ക് നയിക്കുന്ന ഹേതുക്കളുടെയും (Risk Factors) പ്രാചുര്യം (prevalence) അറിയാൻ സാധിക്കുന്നതാണ്. ജീവിത ശൈലീ രോഗങ്ങൾ ഉള്ളവരുടെയും വരാൻ സാദ്ധ്യതയുള്ളവരുടെയും പഞ്ചായത്ത് തിരിച്ചും, ജില്ല തിരിച്ചും, സംസ്ഥാനതലത്തിലും വ്യക്തമായ കണക്കുകൾ ലഭ്യമാകുന്നതാണ്. ഇപ്രകാരം ലഭിക്കുന്ന കണക്കുകൾ പദ്ധതി ആസൂത്രണത്തിനും ധനവിനിയോഗത്തിനും പഠനങ്ങൾക്കും വിശകലനങ്ങൾക്കും സഹായമാകുന്നതാണ്. |
| (ബി) | പ്രസ്തുത സർവേയുടെ ഭാഗമായി എത്ര പേരിൽ നിന്നും വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടെന്നും ഇതിൽ | (ബി) | ജനസംഖ്യാധിഷ്ഠിത ജീവിത ശൈലി നിർണ്ണയ സർവ്വേയായ 'അല്പം ശ്രദ്ധ ആരോഗ്യം ഉറപ്പ്' എന്ന ക്യാമ്പയിനിലൂടെ 24.02.2023 വരെ 80,64,574 |

| | | | |
|---|---|---|---|
| | എത്ര പേർക്ക് ജീവിത ശൈലീ രോഗങ്ങൾ കണ്ടെത്തിയിട്ടുണ്ടെന്നും വിശദമാക്കാമോ; | | വ്യക്തികളെ സ്ക്രീൻ ചെയ്ത് കഴിഞ്ഞു. ഇതിൽ 5,23,057 പേർക്ക് ക്യാൻസർ സാദ്ധ്യത ഉള്ളതായും, 16,11,396 പേർക്ക് പ്രമേഹ/ രക്താതിമർദ്ദ സാദ്ധ്യതയുള്ളതായും, 75,581 പേർക്ക് ക്ഷയരോഗ സാദ്ധ്യതയുള്ളതായും, 2,71,156 പേർക്ക് മറ്റ് ശ്വാസകോശ രോഗങ്ങൾക്കുള്ള സാദ്ധ്യത ഉള്ളതായും കണ്ടെത്തി, കൂടുതൽ പരിശോധകൾക്കായി റഫർ ചെയ്തിട്ടുണ്ട്. ഇത് കൂടാതെ നിലവിൽ രക്താതിമർദ്ദമുള്ള 8,89,612 പേരുടെയും, പ്രമേഹമുള്ള 7,16,607 പേരുടേയും, പ്രമേഹവും രക്താതിമർദ്ദവുമുള്ള 3,14,092 പേരുടേയും രോഗ വിവരങ്ങൾ "ശൈലി ആപ്പ് " വഴി രേഖപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ജീവിത ശൈലീ രോഗവും രോഗ സാധ്യതയും ഉള്ളതായി കണ്ടെത്തുന്നവർക്ക് വിദഗ്ദ്ധ പരിശോധനയ്ക്ക് അവസരം ഒരുക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ? | (സി) | "ശൈലി " ആപ്ലിക്കേഷൻ മുഖാന്തിരമുള്ള സ്ക്രീനിംഗ് വഴി രോഗ സാദ്ധ്യത കണ്ടെത്തിയ വ്യക്തികളെ പരിശോധിച്ച് രോഗ നിർണ്ണയം നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലും നടന്നു വരുന്നു. റഫർ ചെയ്ത എല്ലാ രോഗികളും സ്ക്രീനിംഗിന് വിധേയമായിട്ടുണ്ടോ എന്ന് ഉറപ്പാക്കുന്നതിനും, രോഗ സ്ഥിരീകരണം നടത്തിയവർക്ക് ചികിത്സ ഉറപ്പാക്കുന്നതിനും ഇ.ഹെൽത്തിന്റെ സഹായത്തോടെ ഒരു സോഫ്റ്റ് വെയർ തയ്യാറാക്കിയിട്ടുണ്ട് ശൈലി സ്ക്രീനിംഗ് വഴി കണ്ടെത്തുന്ന രോഗികൾക്കു വിതരണം ചെയ്യുന്നതിനുള്ള അധിക മരുന്നുകളുടെ സംഭരണത്തിനായി കൂടുതൽ ഫണ്ടുകൾ ദേശീയ ആരോഗ്യ മിഷൻ വഴി ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>ക്യാൻസർ രോഗ സാദ്ധ്യതയുള്ളവരെ കുടുംബാരോഗ്യ കേന്ദ്രതലം മുതലുള്ള സ്ഥാപനങ്ങളിൽ പരിശോധന നടത്തി ആവശ്യമുള്ളവരുടെ സാമ്പിൾ ശേഖരിച്ച ജില്ലയിലെ ലാബുകളിൽ അയച്ച രോഗനിർണ്ണയം നടത്തുവാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. ക്യാൻസർ രോഗ സാദ്ധ്യതയുള്ളവരുടെ വിശദമായ ക്ലിനിക്കൽ, ലാബ് പരിശോധനകൾക്കായി ക്യാൻസർ കെയർ പോർട്ടൽ ഇ.ഹെൽത്ത് വഴി സജ്ജമാക്കിയിട്ടുണ്ട്. ഈ പോർട്ടൽ വഴി ക്യാൻസർ രോഗസാദ്ധ്യതയുള്ളവരുടെ പരിശോധന സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ